# ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം
## പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE: 03.10.2025**

### പ്രധാനവാർത്തകൾ

1. 2025 ലെ അന്താരാഷ്ട്ര സാമൂഹിക സുരക്ഷാ അസോസിയേഷൻ അവാർഡ് ഇന്ത്യയ്ക്ക്. സാമൂഹിക സുരക്ഷയിലെ മികച്ച നേട്ടത്തിനാണ് പുരസ്കാരം.

2. മാനവരാശിയുടെ നിലനിൽപ്പിന് വനം - വന്യജീവി സംരക്ഷണം ഉറപ്പാക്കേണ്ടത് അനിവാര്യമാണെന്ന് മന്ത്രി എ.കെ.ശശീന്ദ്രൻ.

3. തിരുവനന്തപുരം ചാക്കയിൽ രണ്ടു വയസ്സുകാരിയെ തട്ടിക്കൊണ്ടു പോയി പീഡിപ്പിച്ച കേസിൽ പ്രതി ഹസ്സൻകുട്ടിക്ക് തിരുവനന്തപുരം അഡീഷണൽ സെഷൻസ് കോടതി 67 വർഷം തടവ് ശിക്ഷ വിധിച്ചു.

4. ദാദാസാഹേബ് ഫാൽക്കെ പുരസ്കാര ജേതാവ് നടൻ മോഹൻലാലിനെ സംസ്ഥാന സർക്കാർ ആദരിക്കുന്നു; 'മലയാളം വാനോളം ലാൽസലാം' പരിപാടി നാളെ തിരുവനന്തപുരത്ത്.

5. കൊല്ലം ഓച്ചിറയിലെ പ്രസിദ്ധമായ കാള കെട്ടുത്സവം ഇന്ന്; കരുനാഗപ്പള്ളി മുതൽ കായംകുളം വരെ ഗതാഗത ക്രമീകരണം.

RNU TVPM

6. **സൂപ്പർ ലീഗ് കേരള ഫുട്ബോളിൽ ഇന്ന് മലപ്പുറം ഫുട്ബോൾ ക്ലബ്ബും തൃശൂർ മാജിക് എഫ്.സിയും ഏറ്റുമുട്ടും.**

❁❁❁❁❁❁❁❁❁❁❁❁❁

## ഐ.എസ്.എസ്.എ അവാർഡ്

2025 ലെ അന്താരാഷ്ട്ര സാമൂഹിക സുരക്ഷാ അസോസിയേഷൻ അവാർഡ് ഇന്ത്യയ്ക്ക്. സാമൂഹിക സുരക്ഷയിലെ മികച്ച നേട്ടത്തിനായാണ് പുരസ്കാരം. ഓരോ പൗരനും സാമൂഹിക ക്ഷേമം ഉറപ്പാക്കുന്നതിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി നടത്തിയ ശ്രമങ്ങൾക്കുള്ള തെളിവാണ് ഈ അംഗീകാരമെന്ന് കേന്ദ്ര മന്ത്രി മൻസുഖ് മാണ്ഡവ്യ സാമൂഹ്യ മാധ്യമത്തിൽ കുറിച്ചു.

❁❁❁❁❁❁❁❁❁❁❁❁❁

## വന്യജീവി വാരാഘോഷം

മാനവരാശിയുടെ നിലനിൽപ്പിന് വനം - വന്യജീവി സംരക്ഷണം ഉറപ്പാക്കേണ്ടത് അനിവാര്യമാണെന്ന് മന്ത്രി എ.കെ.ശശീന്ദ്രൻ. വന്യജീവി വാരാഘോഷത്തിന്റെ സംസ്ഥാനതല ഉദ്ഘാടനം കോഴിക്കോട് ചേളന്നൂരിൽ നിർവഹിക്കുകയായിരുന്നു അദ്ദേഹം. ഭൂമി മനുഷ്യരുടേത് മാത്രമല്ലെന്നും പ്രകൃതിയും മനുഷ്യരും പരസ്പര പൂരകങ്ങളാണെന്നും ശ്രീ.ശശീന്ദ്രൻ പറഞ്ഞു. വനം-വന്യജീവി വകുപ്പിന്റെ നേതൃത്വത്തിൽ ഈ മാസം എട്ട് വരെയാണ് വാരാഘോഷം.

❁❁❁❁❁❁❁❁❁❁❁❁❁

RNU TVPM

## വീണാ ജോർജ് -കാസർഗോഡ്

കാസർകോട് ഗവ. മെഡിക്കൽ കോളേജിൽ നാല് മാസത്തിനുള്ളിൽ എൻഡോസൾഫാൻ ദുരിത ബാധിതർക്കായി സ്പെഷ്യാലിറ്റി സെൻ്ററർ ആരംഭിക്കുമെന്ന് ആരോഗ്യമന്ത്രി വീണാ ജോർജ്ജ്. കാസർകോട് ഗവ. മെഡിക്കൽ കോളേജിൽ എം.ബി.ബി.എസ് കോഴ്സിൻറെ ഉദ്ഘാടനം നിർവ്വഹിക്കുകയായിരുന്നു മന്ത്രി. സ്പെഷ്യാലിറ്റി സെൻ്ററിൽ ഫിസിയോ തെറാപ്പി, ഒക്കുപേഷണൽ തെറാപ്പി സൗകര്യങ്ങൾ കൂടി ഒരുക്കുമെന്നും ആരോഗ്യമന്ത്രി അറിയിച്ചു.

☸☸☸☸☸☸☸☸☸☸☸☸☸

## ചാക്ക പീഡനം- വിധി

RNU TVPM

തിരുവനന്തപുരം ചാക്കയിൽ 2 വയസുകാരിയെ തട്ടിക്കൊണ്ട് പോയി പീഡിപ്പിച്ച കേസിൽ പ്രതി ഹസൻ കുട്ടിക്ക് 67 വർഷം തടവ്. തിരുവനന്തപുരം അഡീഷണൽ സെഷൻസ് കോടതിയുടേതാണ് വിധി. പ്രതി കുറ്റക്കാരനാണെന്ന് തിരുവനന്തപുരം പോക്സോ കോടതി കഴിഞ്ഞ ദിവസം കണ്ടെത്തിയിരുന്നു. ഇതര സംസ്ഥാനക്കാരായ മാതാപിതാക്കൾക്കൊപ്പം റോഡരികിൽ കിടന്നുറങ്ങുകയായിരുന്ന കുട്ടിയെ ഹസൻകുട്ടി തട്ടിക്കൊണ്ടു പോയ ശേഷം പീഡിപ്പിക്കുകയും പിന്നീട് ഉപേക്ഷിക്കുകയുമായിരുന്നു.

☸☸☸☸☸☸☸☸☸☸☸☸☸

## അമീബിക് മസ്തിഷ്ക ജ്വരം

അമീബിക് മസ്തിഷ്ക ജ്വരം ബാധിച്ച് കോഴിക്കോട് മെഡിക്കൽ കോളെജിൽ ചികിൽസയിലായിരുന്ന ഒരു കുട്ടി കൂടി രോഗം ഭേദമായി ആശുപത്രി വിട്ടു. നിലവിൽ രണ്ട് കുട്ടികളാണ്

ചികിൽസയിൽ തുടരുന്നത്. ഇവരുടെ ആരോഗ്യ നില തൃപ്തികരമാണെന്ന് അധികൃതർ പറഞ്ഞു.

❁❁❁❁❁❁❁❁❁❁❁❁❁

## ആലപ്പുഴ (ഇൻട്രോ)

ആലപ്പുഴ ജില്ലയിലെ തെക്കൻ മേഖലകളിൽ മുണ്ടിനീര് രോഗം നിയന്ത്രണ വിധേയമായി. ആരോഗ്യവകുപ്പിന്റെ നിർദ്ദേശപ്രകാരം സ്കൂളുകളുടെ പ്രവർത്തനം പുനരാരംഭിച്ചു.

**വിശദാംശങ്ങളുമായി ആകാശവാണി ആലപ്പുഴ ജില്ലാ പ്രതിനിധി ആർ.രവികുമാർ....**

(വോയിസ്)

❁❁❁❁❁❁❁❁❁❁❁❁❁

RNU TVPM

## മോഹൻലാൽ

ദാദാസാഹേബ് ഫാൽക്കെ പുരസ്കാരം നേടിയ നടൻ മോഹൻലാലിനെ ആദരിക്കുന്ന ' **മലയാളം വാനോളം ലാൽസലാം**' പരിപാടി നാളെ തിരുവനന്തപുരത്ത് നടക്കും. സെൻട്രൽ സ്റ്റേഡിയത്തിൽ നടക്കുന്ന പരിപാടിയിൽ മുഖ്യമന്ത്രി പിണറായി വിജയൻ സംസ്ഥാന സർക്കാരിന് വേണ്ടി ശ്രീ മോഹൻലാലിനെ ആദരിക്കും. പൊതുജനങ്ങൾക്ക് പ്രവേശനം സൗജന്യമായിരിക്കും.

❁❁❁❁❁❁❁❁❁❁❁❁❁

## മൻ കി ബാത്ത് (ഇൻട്രോ)

പ്രധാനമന്ത്രി നരേന്ദ്ര മോദി ആകാശവാണിയിലൂടെ ജനങ്ങളുമായി ആശയങ്ങൾ

പങ്കുവയ്ക്കുന്ന പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടിയായ മൻ കി ബാത്തിന് ഇന്ന് 11 വയസ്സ്. 2014 ഒക്ടോബർ മൂന്നിനായിരുന്നു മൻ കി ബാത്തിന്റെ ആദ്യ പ്രക്ഷേപണം.

രാജ്യം മുഴുവൻ കാതോർക്കുന്ന പുതിയ ആശയങ്ങൾ പ്രധാനമന്ത്രിയിൽ നിന്ന് കേൾക്കാൻ മൻ കി ബാത്തിലൂടെ സാധിക്കുന്നതായി കണ്ണൂർ കൂത്തുപറമ്പിലെ ശ്രോതാവ് പി രാധാകൃഷ്ണൻ പറയുന്നു.

(ഹോൾഡ്)

❁❁❁❁❁❁❁❁❁❁❁❁❁

## സ്പെഷ്യൽ ക്യാമ്പെയ്ൻ

ഭരണ പരിഷ്കരണ - പരാതി പരിഹാര വകുപ്പിന്റെ നേതൃത്വത്തിൽ മന്ത്രാലയങ്ങളിലെ വിവിധ വകുപ്പുകൾ ഈ മാസം 31 വരെ നീളുന്ന സ്പെഷ്യൽ ക്യാമ്പയിൻ 5.0 ക്ക് തുടക്കമിട്ടു. കാര്യക്ഷമത വർദ്ധിപ്പിക്കാനും നടപടിക്രമങ്ങൾ ഏകീകരിക്കാനും പൌര കേന്ദ്രീകൃത ഭരണം ലക്ഷ്യമിട്ടുമാണ് പരിപാടി സംഘടിപ്പിക്കുന്നത്.

RNU TVPM

❁❁❁❁❁❁❁❁❁❁❁❁❁

## ഓൺലൈൻ ഗെയിമിംഗ്

ഓൺലൈൻ ഗെയിമിംഗ് നിയന്ത്രണവുമായി ബന്ധപ്പെട്ട നിയമ നിർമാണത്തെ

സംബന്ധിച്ചുള്ള പൊതുജനാഭിപ്രായം ക്ഷണിച്ച് കേന്ദ്ര സർക്കാർ. ഓൺലൈൻ ഗെയിമുകളുടെ അംഗീകാരം, വർഗ്ഗീകരണം, രജിസ്ട്രേഷൻ, ഓൺലൈൻ സോഷ്യൽ ഗെയിമുകളുടെയും ഇ-സ്പോർട്സിന്റെയും പ്രോത്സാഹനം എന്നിവയ്ക്കുള്ള നിയന്ത്രണ ചട്ടക്കൂട് കരട് നിയമങ്ങൾ നൽകുന്നു. കരട് നിയമങ്ങളെക്കുറിച്ചുള്ള പൊതുജന അഭിപ്രായങ്ങളും നിർദ്ദേശങ്ങളും

ഈ മാസം 31-നകം സമർപ്പിക്കാം.

## വോട്ടർ പട്ടിക

തദ്ദേശ തിരഞ്ഞെടുപ്പിനുള്ള വോട്ടർപട്ടികയിൽ പേര് ചേർക്കാൻ ഈ മാസം 14 വരെ അപേക്ഷ സമർപ്പിക്കാം. ഇന്നലെ വരെ 29,631 പേരാണ് അപേക്ഷ സമർപ്പിച്ചത്. 658 പേർ തിരുത്തലിനും 2,722 പേർ വാർഡ് മാറ്റാനും 4,003 പേർ ഒഴിവാക്കാനും അപേക്ഷിച്ചു. കരട് വോട്ടർപട്ടിക തദ്ദേശ സ്ഥാപനങ്ങളിലും വില്ലേജ്, താലൂക്ക് ഓഫീസുകളിലും sec.kerala.gov.in വെബ്സൈറ്റിലും ലഭ്യമാണ്. അന്തിമ വോട്ടർ പട്ടിക ഈ മാസം 25 ന് പ്രസദ്ധീകരിക്കും.

## ജി.എസ്.ടി

പുതു തലമുറ ജി.എസ്.ടി പരിഷ്കാരങ്ങൾ സമൂഹത്തിലെ എല്ലാ ജനവിഭാഗങ്ങൾക്കും ഒരുപോലെ പ്രയോജനകരമാകുന്നു. ഇന്ത്യയുടെ പരോക്ഷ നികുതി സമ്പ്രദായം ലളിതമാക്കുന്നതിനുള്ള സുപ്രധാന ചുവടുവയ്പ്പാണ് ഇത്. സ്റ്റേഷനറി ഇനങ്ങൾക്ക് സർക്കാർ പ്രഖ്യാപിച്ച ഇളവുകൾ വിദ്യാർത്ഥികൾക്കും ചില്ലറ വ്യാപാരികൾക്കും ഏറെ സഹായകമാണ്. നോട്ട്ബുക്കുകൾ, ഗ്രാഫ് ബുക്കുകൾ, പെൻസിലുകൾ ഉൾപ്പെടെയുള്ള സാധനങ്ങളെ 12 ശതമാനം സ്ലാബിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ട്.

RNU TVPM

## കാളകെട്ടുത്സവം-ഓച്ചിറ

ഓണാട്ടുകരയ്ക്ക് പ്രധാനമായ ഇരുപത്തെട്ടാം ഓണാഘോഷ ഉത്സവത്തിന്റെ ഭാഗമായി ഇന്ന് ഓച്ചിറയിൽ പ്രസിദ്ധമായ കാളകെട്ടുത്സവം നടക്കും. ചെറുതും വലുതുമായ കെട്ടുകാളകളെ വൈകിട്ട് പരബ്രഹ്മ സന്നിധിയിലേക്ക് എഴുന്നള്ളിക്കും. 52 കരകളിലെ വിവിധ കാളമൂടുകളിൽ കാളകെട്ടുസമിതികളുടെ നേതൃത്വത്തിൽ കെട്ടിയുണ്ടാക്കിയ 200 ലധികം കാളരൂപങ്ങളാണ് സന്ധ്യയോടെ പടനിലത്തെത്തുക. കാളകെട്ടുത്സവത്തോട് അനുബന്ധിച്ച് ദേശീയപാത 66 ൽ കരുനാഗപ്പള്ളി മുതൽ കായംകുളം വരെ ഗതാഗത ക്രമീകരണം ഏർപ്പെടുത്തും.

## ക്രിക്കറ്റ്

വെസ്റ്റ് ഇൻഡീസിനെതിരായ ഒന്നാം ക്രിക്കറ്റ് ടെസ്റ്റിൽ ഇന്ത്യ കൂറ്റൻ സ്കോറിലേക്ക്. രണ്ടാം ദിവസം നാല് വിക്കറ്റ് നഷ്ടത്തിൽ 247 റൺ എന്ന നിലയിലാണ് ആതിഥേയർ.

കെ എൽ രാഹുലിന്റെ സെഞ്ച്വറി മികവിലാണ് ഇന്ത്യ കുതിക്കുന്നത്. വെസ്റ്റ് ഇൻഡീസ് ആദ്യ ഇന്നിഗ്സിൽ 162 റൺസിന് പുറത്തായി. പരമ്പരയിലെ രണ്ടാമത്തെ ടെസ്റ്റ് മത്സരം ഈ മാസം 10 മുതൽ ഡൽഹിയിൽ നടക്കും.

## സൂപ്പർ ലീഗ് ഫുട്ബോൾ (ഇൻട്രോ)

സൂപ്പർ ലീഗ് കേരള ഫുട്ബോളിൽ ഇന്ന് മലപ്പുറം ഫുട്ബോൾ ക്ലബ് - തൃശൂർ മാജിക് എഫ് സിയെ നേരിടും. രാത്രി 7.30 ന് മഞ്ചേരിയിലാണ് മത്സരം. ഇന്നലെ നടന്ന ഉദ്ഘാടന

RNU TVPM

മത്സരത്തിൽ ഫോഴ്സ കൊച്ചിക്കെതിരെ കാലിക്കറ്റ് എഫ്.സിക്ക് ജയം.

**ആകാശവാണി കോഴിക്കോട് ജില്ലാ പ്രതിനിധി നസീർ ബാബു തയ്യാറാക്കിയ റിപ്പോർട്ട്.....**

(വോയിസ്)

☸☸☸☸☸☸☸☸☸☸☸☸☸

## <u>ചെസ് ചാമ്പ്യൻഷിപ്പ്</u>

2025 നാഷണൽ സീനിയർ ചെസ്സ് ചാമ്പ്യൻഷിപ്പിൽ തിരുവനന്തപുരത്തിന്റെ ഗൗതം കൃഷ്ണക്ക് രണ്ടാം സ്ഥാനം. ടൈ ബ്രേക്കറിലാണ് ഗൗതം രണ്ടാം സ്ഥാനത്തായത്. തമിഴ് നാടിന്റെ ഇനിയൻ ചാമ്പ്യൻ പട്ടം നേടി.

RIUTVPM

☸☸☸☸☸☸☸☸☸☸☸☸☸

## <u>ശബരിമല - വി.ഡി.സതീശൻ, വി.മുരളീധരൻ</u>

ശബരിമലയിൽ ദ്വാരപാലക ശില്പങ്ങളിലെ സ്വർണപ്പാളിയുടെ അറ്റകുറ്റപണികൾ നടത്തിയത് സുതാര്യമായി അല്ലെന്ന് പ്രതിപക്ഷ നേതാവ് വി.ഡി.സതീശൻ. ചെന്നൈയിൽ നിന്ന് അവ തിരികെയെത്തിച്ചപ്പോൾ സ്വർണം നഷ്ടപ്പെട്ട കാര്യം മറച്ചുവെച്ചതായും അദ്ദേഹം തിരുവനന്തപുരത്ത് മാധ്യമങ്ങളോട് പറഞ്ഞു. അതെസമയം, സ്വർണപ്പാളി കാണാതായ സംഭവത്തിൽ ദേവസ്വം ബോർഡ് ജീവനക്കാരിൽ കുറ്റം ചുമത്തി സംസ്ഥാന സർക്കാരും ദേവസ്വം ബോർഡും ഒഴിഞ്ഞു മാറുകയാണെന്ന് മുൻ കേന്ദ്രമന്ത്രിയും ബി.ജെ.പി നേതാവുമായ വി.മുരളീധരൻ ആരോപിച്ചു. അന്വേഷണം കേന്ദ്ര ഏജൻസിയെ ഏൽപ്പിക്കാൻ സംസ്ഥാന സർക്കാർ തയ്യാറാകുമോയെന്നും ശ്രീ.വി.മുരളീധരൻ ചോദിച്ചു.

## ആർ.എസ്.എസ്

വിജയദശമി മഹോത്സവത്തിന്റെ ഭാഗമായി വിവിധയിടങ്ങളിൽ ആർ.എസ്.എസ് പഥ സഞ്ചലനവും, പൊതു പരിപാടികളും നടന്നു. ആയിരക്കണക്കിന് സ്വയം സേവകർ പങ്കെടുത്തു.

## മലങ്കര മാർത്തോമ സഭ-പുരസ്കാരം

മലങ്കര മർത്തോമാ സഭയുടെ പുരസ്ക്കാരങ്ങൾ തിരുവനന്തപുരത്ത് വിതരണം ചെയ്തു. പ്രവർത്തക പുരസ്കാരം പ്രതിപക്ഷ നേതാവ് V.D. സതീശനും കലാ പുരസ്കാരം നടൻ വിജയരാഘവനും സമ്മാനിച്ചു. മർത്തോമാ സഭ മേലധ്യക്ഷൻ ഡോ. തിയഡോഷ്യസ് മെത്രാപ്പോലീത്തയാണ് പുരസ്ക്കാരങ്ങൾ സമ്മാനിച്ചത്.

RNU TVPM

## മാവേലിക്കര കൃഷ്ണൻകുട്ടി നായർ

പ്രശസ്ത മൃദംഗ വിദ്വാൻ മാവേലിക്കര കൃഷ്ണൻ കുട്ടി നായരുടെ 104-◌ാ◌ം ജന്മവാർഷിക ദിനത്തോടനുബന്ധിച്ച് കേരള സർവകലാശാലാ സംഗീത വിഭാഗവും മാവേലിക്കര കൃഷ്ണൻ കുട്ടി നായർ ഫൗണ്ടേഷനും സംയുക്തമായി ശാസ്ത്രീയ സംഗീത കച്ചേരി സംഘടിപ്പിക്കുന്നു. ഇന്ന് വൈകുന്നേരം സർവകലാശാല സംഗീത വിഭാഗത്തിലാണ് പരിപാടി.

## ഓഹരി - സ്വർണം

രാജ്യത്തെ ഓഹരി വിപണികളിൽ നഷ്ടം. ബോംബെ ഓഹരി സൂചിക സെൻസെക്സ് 151 പോയിന്റ് നഷ്ടത്തിൽ 80,823 ലും, ദേശീയ ഓഹരി സൂചിക നിഫ്റ്റി 66 പോയിന്റ് കുറഞ്ഞ് 24,770 ലും വ്യാപാരം തുടരുന്നു. സ്വർണ വില കുറഞ്ഞു. സ്വർണം ഗ്രാമിന് 60 രൂപ കുറഞ്ഞ് 10,820 രൂപയും, പവന് 480 രൂപ കുറഞ്ഞ് 86,560 രൂപയുമാണ് ഇന്നത്തെ വില.

## അന്താരാഷ്ട്ര മീഡിയ ഫെസ്റ്റിവൽ

കേരള അന്താരാഷ്ട്ര മീഡിയ ഫെസ്റ്റിവലിന് സേവ് ഗാസ സംഗമത്തോടെ സമാപനം. തിരുവനന്തപുരം മാനവീയം വീഥിയിൽ സംഘടിപ്പിച്ച സേവ് ഗാസ സംഗമത്തിൽ മുതിർന്ന മാധ്യമപ്രവർത്തകരും രാഷ്ട്രീയ - സാംസ്കാരിക പ്രവർത്തകരും ഫെസ്റ്റിവൽ ഡെലിഗേറ്റുകളും മാധ്യമ വിദ്യാർഥികളും പൊതുജനങ്ങളും ഉൾപ്പെടെ നിരവധി പേർ പങ്കെടുത്തു. ജോൺ ബ്രിട്ടാസ് എം.പി ദീപശിഖ കൊളുത്തി സംഗമം ഉദ്ഘാടനം ചെയ്തു.

PNUTVPM